"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്-എക്സൈസ് - 1970-71 സാമ്പത്തിക വർഷം കോട്ടയം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ റ്റി.എസ്. നം.15 കള്ള് ഷാപ്പിന്റെയും 1971-72, 1972-73 സാമ്പത്തികവർഷങ്ങളിൽ റ്റി.എസ്.നം.10 കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.261/2026/TAXES തീയതി,തിരുവനന്തപുരം, 02-03-2026

---

പരാമർശം:- 1. എക്സൈസ് കമ്മീഷണറുടെ 01.12.2025-ലെ എക്സ് . എം 4-1406/2001 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

1970-71 സാമ്പത്തിക വർഷത്തിൽ കോട്ടയം ഡിവിഷൻ കാഞ്ഞിരപ്പള്ളി റെയിഞ്ചിലെ ടി.എസ്. 15 നമ്പർ കള്ള് ഷാപ്പിന്റെയും, 1971-72, 1972-73 സാമ്പത്തികവർഷങ്ങളിൽ ടി.എസ്. 10 നമ്പർ കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലുക്കിൽ മുണ്ടക വില്ലേജിൽ വേലനിലം, ചെറ്റക്കാട്ട് വീട്ടിൽ പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിൽ 30.09.2025 വരെ മുതൽ ഇനത്തിൽ 34,757/- രൂപയും, പലിശയിനത്തിൽ 2,91,636/-രൂപയും ഉൾപ്പടെ ആകെ 3,26,393/-രൂപ അബ്കാരി കുടിശ്ശികയുണ്ട്. പരേതനായ സി.ജെ വർഗ്ഗീസിന്റെയും ജാമ്യക്കാരനായ ശ്രീ.വി.ജെ.മാത്യുവിന്റെയും പേരിൽ സ്ഥാവര ജംഗമ വസ്തുവകകൾ ഒന്നും നിലവിലില്ലായെന്ന് 14 ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സി.ജെ.വർഗ്ഗീസിന്റെ അനന്തരാവകാശികൾക്ക് ടിയാനിൽ നിന്ന് സ്വത്ത് കൈമാറിയിട്ടില്ലാത്തിനാലും കുടിശ്ശികക്കാരനിൽ നിന്നോ, കുടിശ്ശികക്കാരന്റെ അനന്തരവകാശികളിൽ നിന്നോ യാതൊരു രീതിയിലും അബ്കാരി കുടിശ്ശിക ഈടാക്കുവാൻ സാധ്യമല്ലാത്തതിനാലും ടി കുടിശ്ശിക തുക എഴുതിതള്ളണമെന്നും എക്സൈസ് കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1970-71 സാമ്പത്തിക വർഷത്തിൽ കോട്ടയം ഡിവിഷൻ കാഞ്ഞിരപ്പള്ളി റെയിഞ്ചിലെ ടി.എസ്. 15 നമ്പർ കള്ള് ഷാപ്പിന്റെയും 1971-72, 1972-73 സാമ്പത്തികവർഷങ്ങളിൽ ടി.എസ്. 10 നമ്പർ കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലുക്കിൽ മുണ്ടക വില്ലേജിൽ വേലനിലം, ചെറ്റക്കാട്ട് വീട്ടിൽ പരേതനായ

സി.ജെ.വർഗ്ഗീസിന്റെ പേരിൽ **30.09.2025** വരെ അബ്കാരി കുടിശ്ശികയായ മുതൽ ഇനത്തിൽ **34,757/-** രൂപയും, പലിശയിനത്തിൽ **2,91,636/-**രൂപയും ഉൾപ്പടെ ആകെ **3,26,393/-**രൂപ (മൂന്ന് ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) എഴുതിതള്ളുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം.
3) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, കോട്ടയം
4) ധനകാര്യ വകുപ്പ് (**07.02.2026**- ലെ വ്യയം -ബി**1/688/2025**-ഫിൻ പ്രകാരം)
5) പൊതുഭരണ (എസ്.സി) വകുപ്പ് (**28.02.2026**-ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ **3766** പ്രകാരം)
6) വെബ്ബ് ആന്റ് ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്.
7) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ**2/282/2025**-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 02-03-2026 16:20:16

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-02-2026

ഫയൽ നം. എ2/282/2025/നികുതി. ഇനം നം: 3766

വിഷയം : നികുതി വകുപ്പ് - കോട്ടയം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ 1970-71 സാമ്പത്തിക വർഷം റ്റി.എസ്. നം.15 കള്ള് ഷാപ്പിന്റെയും 1971-72, 1972-73 സാമ്പത്തിക വർഷങ്ങളിൽ റ്റി.എസ്. നം.10 കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന പരേതനായ സി.ജെ. വർഗ്ഗീസിന്റെ പേരിലുള്ള അബ്കാരി കുടിശ്ശിക എഴുതി തള്ളുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(A)
28/2
AS

3766

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/282/2025-നികുതി |
| 2 | വകുപ്പ് | : | നികുതി (എ) വകുപ്പ് |
| 3 | വിഷയം | : | കോട്ടയം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ 1970-71 സാമ്പത്തിക വർഷം റ്റി.എസ്. നം.15 കള്ള് ഷാപ്പിന്റെയും 1971-72, 1972-73 സാമ്പത്തികവർഷങ്ങളിൽ റ്റി.എസ്.നം.10 കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന, പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിലുള്ള അബ്കാരി കടിശ്ശിക എഴുതി തള്ളുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20.02.2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പ്രമോദ്. എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2026 |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 28.02.2026 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ 1970–71 സാമ്പത്തിക വർഷം റ്റി.എസ് നം. 15 നമ്പർ കള്ള് ഷാപ്പിന്റെയും 1971–72, 1972–73 സാമ്പത്തിക വർഷങ്ങളിൽ റ്റി.എസ് നം. 10 നമ്പർ കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക വില്ലേജിൽ വേലനിലം, ചെറ്റക്കാട്ട് വീട്ടിൽ പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിലുള്ള 3,26,393/- രൂപയുടെ (മൂന്ന് ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) അബ്കാരി കുടിശ്ശിക എഴുതിതള്ളുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2. 1970–71 സാമ്പത്തിക വർഷത്തിൽ കോട്ടയം ഡിവിഷൻ കാഞ്ഞിരപ്പള്ളി റെയിഞ്ചിലെ ടി.എസ്. 15 നമ്പർ കള്ള് ഷാപ്പിന്റെയും 1971–72, 1972–73 സാമ്പത്തികവർഷങ്ങളിൽ ടി.എസ്. 10 നമ്പർ കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക വില്ലേജിൽ വേലനിലം, ചെറ്റക്കാട്ട് വീട്ടിൽ പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിൽ 30.09.2025 വരെ മുതൽ ഇനത്തിൽ 34,757/- രൂപയും, പലിശയിനത്തിൽ 2,91,636/- രൂപയുമായി ആകെ 3,26,393/-രൂപ അബ്കാരി കുടിശ്ശികയുണ്ട്. പരേതനായ സി.ജെ വർഗ്ഗീസിന്റെയും ജാമ്യക്കാരനായ ശ്രീ.വി.ജെ.മാത്യുവിന്റെയും പേരിൽ സ്ഥാവര ജംഗമ വസ്തുവകകൾ ഒന്നും നിലവിലില്ലായെന്ന് 14 ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. സി.ജെ.വർഗ്ഗീസിന്റെ അനന്തരാവകാശികൾക്ക് ടിയാനിൽ നിന്ന് സ്വത്ത് കൈമാറിയിട്ടില്ലാത്തിനാലും കുടിശ്ശികക്കാരനിൽ നിന്നോ, കുടിശ്ശികക്കാരന്റെ അനന്തരവകാശികളിൽ നിന്നോ യാതൊരു രീതിയിലും അബ്കാരി കുടിശ്ശിക ഈടാക്കുവാൻ സാധ്യമല്ലാത്തതിനാലും ടി കുടിശ്ശിക തുക എഴുതി തള്ളണമെന്ന് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

**"ശ്രീ.സി.ജെ.വർഗ്ഗീസിന്റെയും ജാമ്യക്കാരനായ ശ്രീ.വി.ജെ.മാത്യുവിന്റെയും പേരിൽ സ്ഥാവര ജംഗമ വസ്തു വകകൾ ഒന്നും നിലവിലില്ലായെന്നും അനന്തരാവകാശികൾക്ക് സ്വത്ത് കൈമാറിയിട്ടില്ല എന്നും 14 ജില്ലാ കളക്ടർമാരും റിപ്പോർട്ട് ചെയ്യുകയും കുടിശ്ശികക്കാരനായ ശ്രീ.സി.ജെ.വർഗ്ഗീസ് മരണപ്പെട്ടുകയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു മാർഗ്ഗവും ഇല്ലായെന്ന കാര്യം അംഗീകരിച്ച് ശ്രീ.സി.ജെ.വർഗ്ഗീസിന്റെ പേരിലുള്ള അബ്കാരി കുടിശിക 3,26,393/- രൂപ എഴുതിതള്ളുന്നതിന് അനുമതി നൽകുന്നു**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"**

4. പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ അബ്കാരി കുടിശ്ശിക എഴുതിതള്ളുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കോട്ടയം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി റെയിഞ്ചിൽ 1970–71 സാമ്പത്തിക വർഷം റ്റി.എസ് നം. 15 നമ്പർ കള്ള് ഷാപ്പിന്റെയും 1971–72, 1972–73 സാമ്പത്തികവർഷങ്ങളിൽ റ്റി.എസ് നം. 10 നമ്പർ കള്ള് ഷാപ്പിന്റെയും ലൈസൻസി ആയിരുന്ന, കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക വില്ലേജിൽ വേലനിലം ചെറ്റക്കാട്ട് വീട്ടിൽ പരേതനായ സി.ജെ.വർഗ്ഗീസ്-ന്റെ പേരിൽ ഉള്ള 3,26,393/- രൂപയുടെ (മൂന്ന് ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) (മുതൽ 34,757/- രൂപ + പലിശ 2,91,636/- രൂപ) അബ്കാരി കുടിശ്ശിക, ധനകാര്യ വകുപ്പ് ശുപാർശ ചെയ്ത പ്രകാരം എഴുതി തള്ളാവുന്നതാണോ?